"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആകുവ - മെഡിക്കൽ വിദ്യാഭ്യാസം - മഞ്ചേരി മെഡിക്കൽ കോളേജിലെ 4 സ്റ്റോർ കീപ്പർ തസ്തികകൾ **abolish** ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(കൈ) നം.**303/2023/H&FWD** തീയതി,തിരുവനന്തപുരം, **06-11-2023**

---

പരാമർശം:-

1. **22/10/2001** ലെ സ.ഉ(പി)നം.**1208/2001**/ധനം
2. സ.ഉ.(എം.എസ്)നം.**30/2013**/ആ.കു.വ. തിയ്യതി **02/02/2013**
3. **17/01/2013** ലെ **06/2013**/ധനം നമ്പർ സർക്കുലർ
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ **04/02/2022, 20/10/2022, 22/05/2023** തിയ്യതികളിലെ കത്തുകൾ

**ഉത്തരവ്**

മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനായി മറ്റ് തസ്തികകൾക്കൊപ്പം 4 സ്റ്റോർ കീപ്പർ തസ്തികകളും പരാമർശം (2) ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കുകയുണ്ടായി. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ സൃഷ്ടിക്കപ്പെട്ട സ്റ്റോർ കീപ്പർ തസ്തികകളിൽ ഇതേവരെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ലെന്നും പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിക്കപ്പെട്ട 10 എൽ ഡി ക്ലർക്ക് തസ്തികകൾ നിലവിലുള്ള ജോലിഭാരം കണക്കിലെടുക്കുമ്പോൾ അപര്യാപ്തമായതിനാൽ നിലവിലുള്ള 4 സ്റ്റോർ കീപ്പർ തസ്തികകൾ എൽ ഡി ക്ലർക്ക് തസ്തികകളായി പുനർ നാമകരണം ചെയ്യണമെന്നും പരാമർശം (4) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പരാമർശം (1) - ലെ ഉത്തരവിൽ ഒരു വർഷത്തിലധികമായി ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളും **abolish** ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് .കൂടാതെ തസ്തികകൾ പുനർ നാമകരണം ചെയ്യപ്പെടുന്നത് ഭരണപരമായ ആവശ്യകതയും കൃത്യ നിർവ്വഹണത്തിലെ

അനിവാര്യതയും കണക്കിലെടുത്ത് ഒഴിച്ചു കൂടാനാവാത്ത സാഹചര്യത്തിൽ മാത്രമാണെന്നും കൂടാതെ പുനർനാമകരണം ചെയ്യുന്നത് തസ്തിക സൃഷ്ടിക്കുന്നതിന് തുല്യമാകുമെന്നും മറ്റ് വകുപ്പുകളും ഈ രീതി പിന്തുടരുന്നതിന് ഇടവരുത്താൻ കാരണമാകുമെന്നും പരാമർശം (3) ലെ സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട് .കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണിച്ച് വരികയുമാണ് .ഈ സാഹചര്യത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തിനായി പരാമർശം (2) ലെ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 4 സ്റ്റോർ കീപ്പർ തസ്തികകൾ ഉടൻ പ്രാബല്യത്തിൽ abolish ചെയ്ത് ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്) ,തിരുവനന്തപുരം

പ്രിൻസിപ്പൽ, മഞ്ചേരി മെഡിക്കൽ കോളേജ് (ഡി എം ഇ മുഖേന)

ധനകാര്യ വകുപ്പ് (07.05.2023- ലെ 236443-HLT-B1/29/2023-FIn പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ,സെക്രട്ടേറിയറ്റ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Muraleedharan Chettiyar

Date: 06-11-2023 11:58:38